# ഭവാനിപദ്ധതി അട്ടപ്പാടിയുടെ മരണവാറണ്ട്: പഠനറിപ്പോർട്ട്

**സ്വന്തം ലേഖകൻ**

ഭവാനിപ്പുഴയുടെ ഗതിതിരിക്കുന്ന പദ്ധതിയുടെ സാങ്കേതികക്ഷമത സംബന്ധിച്ച് ചാലക്കുടിപുഴസംരക്ഷണസമിതിയിലെ ഗവേഷകരായ എസ്. ഉണ്ണികൃഷ്ണനും സി.ജി. മധുസൂദനനും നടത്തിയ സ്വതന്ത്രപഠനം നിർദ്ദിഷ്ട പദ്ധതി അട്ടപ്പാടിയുടെ മരണമണിയാകും എന്ന് വിലയിരുത്തുന്നു. മണ്ണാർക്കാട് പ്രദേശത്ത് 2000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനും ഏകദേശം 22,000 പേർക്ക് കുടിവെള്ളമെത്തിക്കാനും ഉതകുന്നതാണ് 228 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്ന പദ്ധതിയെന്ന സർക്കാർ ലക്ഷ്യം നിലനിൽക്കുന്നതല്ല എന്നും പഠനം സ്പഷ്ടമാക്കുന്നു. അഗളി, പുത്തൂർ ഗ്രാമവാസികൾ പൂർണ്ണമായും ആശ്രയിക്കുന്ന ഭവാനിയിലെ പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചത് ഈ പ്രദേശത്തെ ജനപ്രതിനിധികളോട് പോലും ആലോചിക്കാതെയാണ്. ഇതിനെതിരെ സംഘടിപ്പിച്ച ബഹുജനപ്രക്ഷോഭം പ്രക്ഷോഭകരെ ജയിലിലടച്ചാണ് സർക്കാർ കൈകാര്യം ചെയ്തത്.

മുക്കാലി ഫോറസ്റ്റ് ഓഫീസിനു സമീപമാണ് പദ്ധതി ആരംഭിക്കുന്നത്. ഈ പ്രദേശത്ത് ഭവാനിപ്പുഴ 120 ഡിഗ്രിയോളം ഉത്തരപൂർവ്വ ഭാഗത്തേക്ക് തിരിഞ്ഞ് അട്ടപ്പാടിയിലേക്ക് പ്രയാണം ആരംഭിക്കുന്നു. ഈ വെള്ളമാണ് തെക്ക് പടിഞ്ഞാറോട്ട് ഒഴുകുന്ന മന്തംപൊട്ടി അരുവിയിലേക്ക് തിരിച്ചുവിടുന്നത്. മന്തംപൊട്ടി അരുവി ആനമുടിയിലൂടെ ഒഴുകി അമ്പൻകാവ് തോട്ട

(ശേഷം പേജ് 4)

# ഭവാനിപദ്ധതി അട്ടപ്പാടിയുടെ മരണവാറണ്ട്: പഠനറിപ്പോർട്ട്

(പേജ് 1 തുടർച്ച)

മായി ചേർന്ന് ഭാരതപ്പുഴയുടെ പോഷകനദിയായ നെല്ലിപ്പുഴ യുമായി തെങ്കരയിൽ യോജി ക്കുന്നു.

ഇപ്പോൾതന്നെ ഭവാനി യിൽ നാല് അണക്കെട്ടുകളു ണ്ട്. കൂടാതെ 1961ൽ 3.65 കോടി രൂപ അടങ്കലുമായി തു ടങ്ങി ഇപ്പോൾ 82 കോടി രൂ പയുടെ പദ്ധതിയായി 'വളർ ന്നിരിക്കുന്ന' കാഞ്ഞിരപ്പുഴ ജ ലസേചനപദ്ധതിയുടെ കമാന്റ് ഏരിയയിൽ തന്നെയാണ് നിർദ്ദിഷ്ട പദ്ധതിയും സ്ഥിതി ചെയ്യുന്നത്. തികച്ചും അശാ സ്ത്രീയമായി നിർദ്ദേശിക്കപ്പെട്ട ഈ പദ്ധതിക്ക് യാതൊരു പ്രാധാന്യവുമില്ല. കേരളത്തിൽ മറ്റൊരു പ്രദേശത്തുമില്ലാത്ത വിധം കാഞ്ഞിരപ്പുഴ അടക്കം നിലവിൽ നാല് ജലസേചന പദ്ധതികളുടെ ഗുണം അനുഭ വിക്കുന്ന മണ്ണാർക്കാട് പ്രദേശ ത്ത് വീണ്ടും ഒരു പദ്ധതി വരു ന്നതിന് ഒരു ന്യായീകരണവു മില്ല. നിലവിലുള്ള ജലസേച നപദ്ധതികളെ ഫലപ്രദമായി ഉ പയോഗിക്കാതെ സാങ്കേതികമാ യി യാതൊരു ക്ഷമതയുമില്ലാത്ത ഭവാനിയെ ഗതിതിരിച്ചുവിടുന്ന പദ്ധതി സംസ്ഥാനത്തിന് വലി യ സാമ്പത്തിക ബാധ്യത വരുത്തുകയും ഇപ്പോൾ തന്നെ വ രൾച്ച ബാധിത പ്രദേശമായ അ ട്ടപ്പാടിയുടെ മരണമണിയാ കുകയും ചെയ്യും എന്നതിന് തർ ക്കമില്ല.

മുക്കാലിയിൽ നിന്ന് അട്ടപ്പാ ടിയുടെ ഊഷരമായ ഭൂപ്രദേശ ത്തുകൂടി 25 കി.മീറ്ററോളം ഒഴുകു ന്ന ഭവാനിയെ മാത്രം ആശ്രയി ച്ചാണ് ഏകദേശം 44 ഊരുകളി ലെ 7200ലധികം ആദിവാസി കൾ കഴിയുന്നത്. ആദിവാസിക ളെക്കൂടാതെ ആയിരക്കണക്കിന് കുടിയേറ്റക്കാരും വൻ തോതിലു ള്ള കന്നുകാലികളും വന്യമൃഗങ്ങ ളും ഈ നദിയെ മാത്രമാണ് ജ ലലഭ്യതക്ക് ആശ്രയിക്കുന്നത്. ഈ പ്രദേശങ്ങളിലെ ചിതറിക്കി ടക്കുന്ന ആദിവാസി ഊരുകളി ലേക്ക് പൈപ്പ് വെള്ളമെത്തിക്കു ക അസാദ്ധ്യമാണ്. ഈ നദിയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന 121 ജലവിതരണ/ജലസേചന പദ്ധ തികൾ മിക്കവാറും ഇപ്പോൾത്ത ന്നെ വേണ്ടത്ര വെള്ളം കിട്ടാത്ത തിനാൽ പ്രവർത്തിക്കുന്നില്ല. തു റന്ന കിണറുകളുടെ പാരമ്പര്യം ഈ പ്രദേശത്തില്ല. അതൊട്ട് പ്രായോഗികവുമല്ല. നിലവിലുള്ള കുളങ്ങളും കിണറുകളും കുഴൽക്കി ണറുകളും നിലനിൽക്കുന്നത് പു ഴയിലെ നീരൊഴുക്കിനെ മാത്രം ആശ്രയിച്ചാണ്. ഉയർന്ന തോ തിലുള്ള ലവണാംശമുള്ളതി നാൽ ഭൂഗർഭജലമെടുക്കലും പ്രാ യോഗികമല്ല. 2002ൽ അട്ടപ്പാടി യെ വരൾച്ച ബാധിതപ്രദേശമാ യി പാലക്കാട് ജില്ലാകലക്ടർ പ്ര ഖ്യാപിച്ചു എന്ന സംഗതിയും ഇ തിനോട് കൂട്ടി വായിക്കണം.

കാർഷിക കുടിവെള്ള ആവ ശ്യത്തിനായി അട്ടപ്പാടിയിൽ ആവശ്യമായ വെള്ളം ഇപ്പോൾ ത്തന്നെ ലഭ്യമല്ല എന്നതും തമിഴ്നാട്ടിലെ ഏകദേശം ഒരു ലക്ഷത്തോളം ജന ങ്ങൾ കുടിവെള്ളത്തിനാ യി ഈ പുഴയെ മാത്രമാ ണ് ആശ്രയിക്കുന്നുവെന്ന ള്ളതും നിലവിലുള്ള യാ ഥാർത്ഥ്യമാണ്.

സർക്കാർ കണക്കു കൾ പ്രകാരം തന്നെ വേ നൽക്കാലത്ത് ഭവാനിയി ലെ നീരൊഴുക്ക് വാർഷിക നീരൊഴുക്കിന്റെ കേവലം 6 ശതമാനം മാത്രമാണ്. ആ യതിനാൽ നിർദ്ദിഷ്ട പദ്ധ തി വേനലിൽ അട്ടപ്പാടി യിലെ കുടിവെള്ളം മുട്ടി ക്കും എന്ന് തീർച്ച. വേനൽ ക്കാലത്ത് നദിയിലെ നീ രൊഴുക്ക് കേവലം 34 ദിവ സത്തെ ആവശ്യത്തിന് മാ ത്രമേ പര്യാപ്തമാവൂ എന്ന തിനാൽ ഗതി തിരിച്ചുവിട്ട മ്പോൾ അട്ടപ്പാടിയിൽ പു ഴ പൂർണ്ണമായും വറ്റും എന്ന തും തീർച്ചയാണ്. നദി പൂർ ണ്ണമായും ഗതി തിരിച്ചുവി ട്ടാലും നിലവിലുള്ള നീരൊ ഴുക്ക് പ്രകാരം നിർദ്ദിഷ്ട പ ദ്ധതിക്ക് ആവശ്യമായ വെ ള്ളം ലഭിക്കില്ല.

വേനൽക്കാലത്ത് ഭവാ നിയെ പൂർണ്ണമായും ഗതി തിരിക്കാൻ നിർദ്ദേശിക്കു ന്ന പദ്ധതി മുക്കാലിയിൽ നിന്ന് ഏകദേശം 25 കി. മി ഒഴുകുന്ന പുഴ വരളാൻ കാരണമാകുമെന്നും അപ രിഹാര്യമായ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക പാ രിസ്ഥിതിക പ്രത്യാഘാത ങ്ങൾക്ക് നിദാനമാകും എ ന്നും നിരവ ധി രേഖകൾ പ്രതിപാദിച്ചു ള്ള വിശദമാ യ ഈ പഠ നം മുന്നറിയി പ്പ് നൽകുന്നു.